ടെലിഫോൺ നമ്പർ : 2512524
പോസ്റ്റ് ബോക്സ് നമ്പർ : 5430
ഫാക്സ് : 0471-2305891
പിൻ കോഡ്-695 033

ഇ-മെയിൽ : secretary@niyamasabha.nic.in

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

KLS/5441/2026-MA E3

**തിരുവനന്തപുരം**

**25-09-2026**

## താൽപര്യപത്രം ക്ഷണിക്കുന്നു

ഇന്ത്യൻ പാർലമെന്റിലെയും വിവിധ സംസ്ഥാന/കേന്ദ്രഭരണ പ്രദേശങ്ങളിലെ നിയമസഭകളിലെയും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി അധ്യക്ഷന്മാരുടെ സമ്മേളനം തിരുവനന്തപുരം നിയമസഭാ സമുച്ചയത്തിൽ സംഘടിപ്പിക്കുന്നതാണ്. പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുന്ന വിവിധ സംസ്ഥാനങ്ങളിലെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി അധ്യക്ഷന്മാർക്കും മറ്റ് അതിഥികൾക്കും തിരുവനന്തപുരം നഗരത്തിൽ **2026 നവംബർ 2 മുതൽ 6 വരെയുള്ള തീയതികളിൽ** താമസസൗകര്യം ഒരുക്കുന്നതിനായി **നൂറോ അതിലധികമോ മുറികൾ** നൽകുവാൻ കഴിയുന്നതും അംഗീകൃതവും നിലവാരമുള്ളതുമായ ഹോട്ടലുകളിൽ നിന്നും മറ്റ് അനുയോജ്യമായ താമസസൗകര്യ ദാതാക്കളിൽ നിന്നും താൽപ്പര്യപ്പത്രം ക്ഷണിക്കുന്നു.

**താഴെ ചേർത്ത വിവരങ്ങൾ താൽപര്യപത്രത്തിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കേണ്ടതാണ്:**

1. പ്രസ്തുത കാലയളവിൽ അനുവദിക്കാൻ കഴിയുന്ന ആകെ മുറികളുടെ എണ്ണം , കാറ്റഗറി, വാടക നിരക്ക്.
2. അതിഥികൾക്ക് നൽകുന്ന മറ്റ് സൗകര്യങ്ങൾ (കോംപ്ലിമെന്ററി ബ്രേക്ക്ഫാസ്റ്റ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ).
3. ഹോട്ടലിൽ നിന്നും നിയമസഭാ സമുച്ചയത്തിലേക്കുള്ള ദൂരം.
4. താമസിക്കുന്ന അതിഥികൾക്ക് കോൺഫറൻസ് , മറ്റ് മീറ്റിംഗുകൾ എന്നിവ നടത്തുന്നതിനുള്ള സൗകര്യം ഉണ്ടോ എന്നും അപ്രകാരം സൗകര്യങ്ങൾ നൽകുന്നത് സൗജന്യമാണോ അതോ അതിന് പ്രത്യേകം തുക ഈടാക്കുമോ എന്നുള്ള വിവരം.

5. മുറി വാടക, മറ്റ് അമിനിറ്റീസ് എന്നിവയ്ക്കുള്ള ജി .എസ്.ടി. നിരക്ക്, സ്ഥാപനത്തിന്റെ ജി.എസ്.ടി. നമ്പർ.

6. ബൾക്ക് ബ്ലൂക്കിംഗ് നടത്തുമ്പോൾ ലഭ്യമാക്കാവുന്ന സൗജന്യങ്ങൾ , ഡിസ്കൗണ്ടുകൾ, മറ്റ് ഓഫറുകൾ എന്നിവയെപ്പറ്റിയുള്ള വിവരം.

7. Room Inventory Details.

8. ഹോട്ടൽ/സ്ഥാപനത്തിന്റെ പേര്, പൂർണ്ണ വിലാസം, ബന്ധപ്പെടേണ്ട വിവരങ്ങൾ.

9. ബുക്കിംഗ് റദ്ദാക്കൽ സംബന്ധിച്ച നിബന്ധനകൾ, മറ്റ് വ്യവസ്ഥകൾ എന്നിവ.

താൽപ്പര്യമുള്ള സ്ഥാപനങ്ങൾ വിവരങ്ങൾ ഉൾപ്പെടുത്തി താൽപ്പര്യപ്പത്രം സീൽഡ് കവറിലൂടെയോ ഇ-മെയിൽ മുഖാന്തിരമോ സമർപ്പിക്കേണ്ടതാണ്.

താൽപ്പര്യപ്പത്രം **28/09/2026 തീയതി വൈകുന്നേരം 5 മണിക്ക് മുമ്പായി** താഴെപ്പറയുന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്:

**സെക്രട്ടറി,**
കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
നിയമസഭാ സമുച്ചയം,
തിരുവനന്തപുരം – 695033.

**E-mail:** mae@niyamasabha.nic.in

താൽപ്പര്യപ്പത്രം സമർപ്പിച്ചതുകൊണ്ട് മാത്രം താമസസൗകര്യം നൽകുന്നതിനുള്ള കരാർ ലഭിക്കുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതല്ല . ലഭിക്കുന്ന താൽപ്പര്യപ്പത്രങ്ങൾ പരിശോധിച്ച് കേരള നിയമസഭാ സെക്രട്ടേറിയറ്റ് ഉചിതമായ സ്ഥാപനത്തെ തിരഞ്ഞെടുക്കുന്നതായിരിക്കും. ഏതെങ്കിലും ഒരു താൽപ്പര്യപ്പത്രം സ്വീകരിക്കുകയോ നിരസിക്കുകയോ ചെയ്യുന്നതിനും എല്ലാ താൽപ്പര്യപ്പത്രങ്ങളും നിരസിക്കുന്നതിനുമുള്ള അധികാരം കേരള നിയമസഭാ സെക്രട്ടേറിയറ്റിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

വിശദവിവരങ്ങൾക്ക് താഴെപ്പറയുന്ന വിലാസവുമായി ബന്ധപ്പെടാവുന്നതാണ്:

1. **ശ്രീ. മുഹമ്മദാലി. പി**

   എസ്റ്റേറ്റ് ഓഫീസർ

   ഫോൺ: 0471 251 2206

2. **അമിനിറ്റീസ് 'ഇ' വിഭാഗം**

   ഫോൺ: 0471 251 2207

**വിശ്വസ്തതയോടെ**

**മുഹമ്മദാലി. പി**

ESTATE OFFICER KLS

സെക്രട്ടറിക്കുവേണ്ടി.